# പാംഡ്യൂ നീര വൈറ്റില മൊബിലിറ്റി ഹബിൽ വില്പന ആരംഭിച്ചു

കൊച്ചി: പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി പാംഡ്യൂ എന്ന ബ്രാൻഡിൽ നീര പാനീയം കൊച്ചിയിൽ വിപണിയിലിറക്കി. വൈറ്റില മൊബിലിറ്റി ഹബിലെ നാളികേര വികസന ബോർഡിന്റെ കിയോസ്കിൽ ജ്യൂസ് വെൻഡിംഗ് മെഷീനിലൂടെ തണുപ്പിച്ച നീര ലഭിക്കും.

200 എംഎൽ നീരയ്ക്ക് 25 രൂപയാണു വില. 200 എംഎൽ കരിക്കിൻ വെള്ളത്തിന് 20 രൂപ. കരിക്കിൻ ഷേയ്ക്ക്, കോക്കനട്ട് മിൽക്ക് പൗഡർ, പാം ഷുഗർ, വെർജിൻ കോക്കനട്ട് ഓയിൽ, മിൽക്ക് ക്രീം, കോക്കനട്ട് ചിപ്സ്, ഹെയർ ഓയിൽ, സ്കിൻ ഓയിൽ തുടങ്ങിയവയും ലഭ്യമാണ്.

നീര വിപണനോദ്ഘാടനം വിശാലകൊച്ചി വികസന അഥോറിറ്റി (ജിസിഡിഎ) ചെയർമാൻ എൻ. വേണുഗോപാൽ നിർവഹിച്ചു. നാഫെഡ് ഡയറക്ടർ സിബി മോനിപ്പള്ളി പാംഡ്യൂ നീര വേണുഗോപാലിനു കൈമാറി. നാളികേര വികസന ബോർഡും ഉത്പാദക കമ്പനികളുമായി സഹകരിച്ച് നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിൽ നീരയുടെയും മറ്റു നാളികേര മൂല്യവർധിത ഉത്പന്നങ്ങളുടെയും വിപണന സ്റ്റാളുകൾ ആരംഭിക്കാൻ ജിസിഡിഎ ഒരുക്കമാണെന്ന് വേണുഗോപാൽ പറഞ്ഞു.

പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി ഡയറക്ടർ തോമസ് ജോസഫ് അധ്യക്ഷത വഹിച്ചു. ഡയറക്ടർമാരായ എം.കെ. രാംദാസ്, കെ. ശശിധരൻ എന്നിവർ പ്രസംഗിച്ചു.



പാംഡ്യൂ നീരയുടെ വിപണനോദ്ഘാടനം വൈറ്റില മൊബിലിറ്റി ഹബിലെ നാളികേര വികസന ബോർഡ് കിയോസ്കിൽ ജിസിഡിഎ ചെയർമാൻ എൻ. വേണുഗോപാൽ നാഫെഡ് ഡയറക്ടർ സിബി മോനിപ്പള്ളിയിൽ നിന്ന് നീര സ്വീകരിച്ചുകൊണ്ട് നിർവഹിക്കുന്നു.